(സി) ഇതിൽ ഒരു കേസ്സിന്റെയും അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടിട്ടില്ല.

(ഡി) ഈ കേസ്സുകളിൽ ഗൂഢാലോചനാകുറ്റംചുമത്തി അന്വേഷണം നടത്തുന്നില്ല.

മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രചരണങ്ങൾ

283 (293) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പശുക്കളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും നിരോധിച്ചിട്ടുണ്ടോ ; മാട്ടിറച്ചി കൊണ്ടുവന്ന് ഭക്ഷിച്ചതിന് തൃശ്ശൂർ കേരള വർമ്മ കോളേജിൽ വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെട്ടത് സർക്കാരിനറിയാമോ ;

(സി) മാട്ടിറച്ചിയുടെ മറവിൽ, അത് ഭക്ഷിക്കുന്നവരെ കുറിച്ച് നടത്തുന്ന പ്രചരണങ്ങളും പ്രവർത്തനങ്ങളും നടപടികളും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മൗലികാവകാശ ധ്വംസനങ്ങളെയും മത-ജാതി വർഗീയ ഭീഷണിയേയും ചെറുക്കാനും സാമുദായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കാനും തയ്യാറാകുമോ ;

(ഇ) എങ്കിൽ പരിഗണനയിലുള്ള കർമ്മ പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പശുക്കളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും സംസ്ഥാനത്ത് നിരോധിച്ചിട്ടില്ല. മാട്ടിറച്ചി കൊണ്ടുവന്നു ഭക്ഷിച്ചതിന് തൃശ്ശൂർ കേരളവർമ്മ കോളേജിൽ ആരെയും സസ്പെന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത സംഭവത്തെത്തുടർന്ന് എസ്.എഫ്.ഐ. - എ.ബി.വി.പി. പ്രവർത്തകർ തമ്മിലുണ്ടായ അടിപിടി കേസിൽ 14 വിദ്യാർത്ഥികളെ കോളേജ് അധികൃതർ സസ്പെന്റ് ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്.

(സി) നിയമവിരുദ്ധ പ്രവർത്തനങ്ങളുണ്ടായാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) സംസ്ഥാന പോലീസ് ഇക്കാര്യത്തിൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly